**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്ത്- സംസ്ഥാന ഓഡിറ്റ് വകുപ്പ് 2005-06 വർഷം നടത്തിയ ഓഡിറ്റ് പരിശോധനാ റിപ്പോർട്ട് ഖണ്ഡിക 3.15 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള തുകയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

**സ.ഉ (സാധാ)നം. 2911/2019/തസ്വഭവ.** **തിരുവനന്തപുരം, തീയതി.21.12.2019**

പരാമർശം:- 1) ഇടുക്കി ജില്ലയിലെ കരിക്കുന്നം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.05.2016 ലെ എ 2-850/2008 നമ്പർ കത്ത്.

2) പഞ്ചായത്ത് ഡയറക്ടറുടെ 27.04.2017 ലെ എം3-10989/17 നമ്പർ കത്ത്.

3) സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 09.04.2018 ലെ കെ.എസ്.എ 12859/പി.റ്റി.2/17 നമ്പർ കത്ത്.

## ഉത്തരവ്

ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിലെ 2005-06 വർഷത്തെ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് പരിശോധനയിൽ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.15 പ്രകാരം 5515/- (അയ്യായിരത്തി അഞ്ഞൂറ്റി പതിനഞ്ച് രൂപ മാത്രം) രൂപയുടെ ചെലവ് നിരാകരിച്ചിരുന്നു. പഞ്ചായത്തിലെ പെരുമ്പായിൽ, പടിക്കപ്പാറ, അരീക്കൽ, മുണ്ടോലി, പച്ചക്കിളി എന്നീ ഭാഗങ്ങളിൽ കുഴൽ കിണർ കുടിവെള്ള പദ്ധതികൾക്കായി ഗുണഭോക്തൃ വിഹിതം പിരിച്ചതിൽ കുറവുവന്ന 5515/- രൂപയായിരുന്നു ഓഡിറ്റ് വകുപ്പിൽ തടസ്സപ്പെടുത്തിയിരുന്നത്. തുടർന്ന് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനായി കരിങ്കുന്നം ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം ഉചിത മാർഗ്ഗേന സമർപ്പിച്ചിട്ടുള്ള അപേക്ഷ പഞ്ചായത്ത് ഡയറക്ടർ അനുകൂല ശിപാർശ രേഖപ്പെടുത്തി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ആയതിൻമേൽ സർക്കാർ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും പരാമർശം (3) മുഖേന ആയത് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**2.** ഇത് സംബന്ധിച്ച സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ, നിർധനരായ ഗ്രാമവാസികൾക്ക് കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിനാണ് പൊതുകുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതെന്ന പഞ്ചായത്ത് കമ്മിറ്റിയുടെയും ഇടുക്കി ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെയും തീരുമാനം പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് വകുപ്പിന് എതിരഭിപ്രായമില്ലെന്നും സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണെന്നും ഓഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വ്യക്തമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പഞ്ചായത്ത് കമ്മിറ്റി, ഇടുക്കി ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതി തീരുമാനം എന്നിവ പരിഗണിച്ചും സാധൂകരണ വിഷയത്തിൽ വകുപ്പിന് എതിരഭിപ്രായമില്ലെന്ന ഓഡിറ്റ് വകുപ്പിന്റെ അഭിപ്രായം കണക്കിലെടുത്തും ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിലെ 2005-06 വർഷത്തെ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് പരിശോധനയിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.15 പ്രകാരം തടസ്സപ്പെടുത്തിയിരുന്ന 5,515/- (അയ്യായിരത്തി അഞ്ഞൂറ്റി പതിനഞ്ച് രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ജെയ്സി പോൾ
അണ്ടർ സെക്രട്ടറി

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
സെക്രട്ടറി, കരിങ്കുന്നം ഗ്രാമപഞ്ചായത്ത്, ഇടുക്കി
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ